## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1569** **05/02/2019-ൽ മറുപടിയ്ക്ക്**

# കോന്നിയിൽ വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗൺ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അടൂർ പ്രകാശ്** | **ശ്രീ. വി.എസ്. സുനിൽകുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| (എ) കോന്നി താലൂക്കിൽ ഐരവൺ വില്ലേജിൽ കൃഷി വകുപ്പിന്റെ കൈവശമുള്ള സ്ഥലം പാട്ടത്തിന് എടുത്ത് കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗൺ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ട്; വിശദമാക്കുമോ; | (എ) ഭൂമി കൈമാറ്റ നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ ഗോഡൗൺ നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| (ബി) കോന്നി തഹസിൽദാർ നടപടികൾ പൂർത്തീകരിച്ച് ജില്ലാകളക്ടർക്ക് നൽകിയ ഫയലിൽ നാളിതുവരെ എന്തെല്ലാം തുടർ നടപടികൾ കൈക്കൊണ്ടുവെന്ന് വ്യക്തമാക്കുമോ;<br><br>(സി) പ്രസ്തുത ഫയൽ നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് ഗോഡൗൺ നിർമ്മാണം ആരംഭിക്കുവാൻ നിർദ്ദേശം നൽകുമോ? | (ബി) & (സി) കോന്നി താലൂക്കിൽ, കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന് ഗോഡൗൺ നിർമ്മിക്കുന്നതിന് ഐരവൺ വില്ലേജിൽ നിർദിഷ്ട കോന്നി മെഡിക്കൽ കോളേജിന് സമീപത്ത് കണ്ടെത്തിയിട്ടുള്ള ബ്ലോക്ക് നമ്പർ 35-ൽ റീസർവ്വേ 120/2-ൽപെട്ട പുറമ്പോക്ക് സ്ഥലത്തുനിന്നും 0.6102 ഹെക്ടർ സ്ഥലം ടി ആവശ്യത്തിന് അനുയോജ്യമാണെന്ന് കോന്നി തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പാട്ടം അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ജില്ലാ കളക്ടറുടെ അനുമതിയ്ക്ക് വിധേയമായി ലാന്റ് റവന്യൂ കമ്മീഷണർക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ലാന്റ് റവന്യൂ കമ്മീഷണർ വഴി പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ.